DESPATCHED
22/06/21

4/5/21

സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

ഹർജി നമ്പർ **AP No. 316(1)/2021/SIC** തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം
(ഫയൽ നമ്പർ: 4027/SIC-G4/2021)

**സന്നിഹിതൻ**
**ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ**
**തീയതി 2021 മേയ് 4**

ശ്രീ. ഷൈജു കുമാർ കെ.,
കളത്തിൽപ്പാറ,
നരിക്കുനി പി.ഒ.,
കോഴിക്കോട്. } അപ്പീൽ ഹർജിക്കാരൻ

1) സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
നരിക്കുനി ഗ്രാമപഞ്ചായത്ത് ആഫീസ്,
നരിക്കുനി പി.ഒ.,
കോഴിക്കോട് ജില്ല.

2) അപ്പീൽ അധികാരി &
പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ,
പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറുടെ കാര്യാലയം,
കോഴിക്കോട്. } എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ സമർപ്പിച്ച തീയതി | 19/09/2020 |
| മറുപടി ലഭ്യമാക്കിയ തീയതി | 14/10/2020 |
| ഒന്നാം അപ്പീൽ അപേക്ഷാ നൽകിയ തീയതി | 11/11/2020 |
| മറുപടി ലഭ്യമാക്കിയ തീയതി | 10/12/2020 |
| രണ്ടാം അപ്പീൽ അപേക്ഷ സമർപ്പിച്ച തീയതി | 18/03/2021 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 22/03/2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 31/03/2021 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 03/05/2021 |
| ഹിയറിംഗ് നടന്ന തീയതി | 04/05/2021 – (ആഡിയോ ഹിയറിംഗ്) |
| ഹിയറിംഗ് സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ:<br>എസ്.പി.ഐ.ഒ. | ഹാജരായി<br>ഹാജരായി |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ. ഷൈജു കുമാർ കെ., കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാന്റെ അപേക്ഷയ്ക്ക്

വ്യക്തവും കൃത്യവുമായ മറുപടി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും, നിയമവിരുദ്ധമായി പ്രവർത്തിച്ച പബ്ലിക് ഇൻഫർമേഷൻ ഓഫീസറെ ശിക്ഷിക്കണമെന്നും ടിയാനുണ്ടായ കഷ്ടനഷ്ടങ്ങൾക്ക് പരിഹാരമുണ്ടാക്കണമെന്നുമാണ്.

3. ഒന്നാം എതിർകക്ഷി മുമ്പാകെ 19/09/2020 തീയതി സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് താഴെ പറയുന്ന വിവരങ്ങളാണ്:

i. നരിക്കുനി പഞ്ചായത്തിലെ 11-ാം വാർഡിലെ 224/2 റീസർവ്വേയിൽ നില നിൽക്കുന്ന താത്ക്കാലിക ഷെഡിന് നിർമ്മാണ അനുമതി പത്രം നൽകിയിട്ടുണ്ടോ/ഇല്ലയോ എന്നും, ടി അനുമതി പത്രത്തിന് എന്നാണ് അപേക്ഷ നൽകിയതെന്നും, ആരാണ് അപേക്ഷ നൽകിയതെന്നും അപേക്ഷയും അതിനോടൊപ്പം സമർപ്പിച്ച എല്ലാ രേഖകളുടെയും അനുമതി പത്രത്തിന്റെയും പകർപ്പുകൾ നൽകണമെന്നും;

ii. ടി താത്ക്കാലിക ഷെഡ് നില നിൽക്കുന്ന സ്ഥലം ഏതു ഇനത്തിൽപ്പെട്ട ഭൂമിയാണെന്നും കെട്ടിടം വയ്ക്കാൻ പാടില്ലാത്ത ഭൂമിയാണെങ്കിൽ ആയതിനു വിടുതൽ സർട്ടിഫിക്കറ്റ് വാങ്ങിയിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ സർട്ടിഫിക്കറ്റിന്റെ കോപ്പി നൽകണമെന്നും;

iii. താത്ക്കാലിക ഷെഡ് പണിയുന്നത് എത്ര കാലത്തേക്കാണെന്നും കാലാവധി കഴിഞ്ഞോ ഇല്ലയോ എന്നും, കാലാവധി കഴിഞ്ഞിട്ടും ഷെഡ് തുടരുന്നതിൽ ഏതൊക്കെ തരത്തിൽ നിയമ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും, നിയമ വിരുദ്ധ പ്രവർത്തനത്തിനു സ്ഥല ഉടമക്കെതിരെ നിയമനടപടി സ്വീകരിക്കാതിരുന്നതിന്റെ കാരണം എന്തെന്നും;

iv. മേൽ പറഞ്ഞ വിഷയത്തിലെ മുഴുവൻ ഫയലുകൾ പരിശോധിക്കുന്നതിനു അവസരം നൽകണമെന്നും പരിശോധനാ വേളയിൽ ആവശ്യമായി വരുന്ന എല്ലാ രേഖകളുടെയും ഫോട്ടോ കോപ്പി നൽകണമെന്നും മറ്റുമായി 7 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

മേൽപ്പടി അപേക്ഷയ്ക്ക് 14/10/2020 തീയതി ഒന്നാം എതിർകക്ഷി മറുപടി നൽകിയിട്ടുള്ളതായി കാണുന്നു. മേൽപ്പടി മറുപടിയ്ക്കെതിരെ രണ്ടാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ ഹർജിക്കാരൻ പ്രസ്താവിച്ചത്, ടിയാനെ അവശേഷിക്കുന്ന തരത്തിലുള്ളതും, അനാവശ്യകാര്യങ്ങൾ പറഞ്ഞും മറുപടി നൽകിയ ഉദ്യോഗസ്ഥനെതിരെ ശിക്ഷാനടപടി സ്വീകരിക്കണമെന്നും, പൂർണ്ണ

മറുപടിയും, നഷ്ടപരിഹാരവും നൽകണമെന്നുമാണ്. മേൽപ്പടി അപ്പീൽ അപേക്ഷ തീർപ്പാക്കി പുറപ്പെടുവിച്ച ഉത്തരവിൽ രണ്ടാം എതിർകക്ഷി പ്രസ്താവിച്ചത്, അപ്പീൽ ഹർജിക്കാരൻ വിവരാവകാശ നിയമപ്രകാരം 19/09/2020 തീയതി ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് ലഭിച്ച മറുപടി തൃപ്തികരമല്ലെന്നും ഇല്ലാത്ത ഫയൽ പരിശോധിക്കാൻ ആവശ്യപ്പെട്ടെന്നും കാണിച്ചാണ് അപ്പീൽ സമർപ്പിച്ചതെന്നും താത്ക്കാലിക വാണിജ്യാവശ്യത്തിനുള്ള ഷെഡിന് നിർമ്മാണാനുമതി സംബന്ധിച്ചാണ് അപേക്ഷ സമർപ്പിച്ചതെന്നും 1-ാം ചോദ്യത്തിന് നരിക്കുനി ഗ്രാമപഞ്ചായത്തിൽ താത്ക്കാലിക കൊമേഴ്സ്യൽ ഷെഡ് നിർമ്മിക്കുന്നതിന് അനുമതി പത്രം നൽകിയിട്ടില്ലെന്നും കൃത്യമായ അപേക്ഷ നമ്പർ, കെട്ടിടനമ്പർ, അപേക്ഷകന്റെ പേര് എന്നിവ സഹിതം അപേക്ഷിക്കുന്ന മുറയ്ക്ക് ഏതെങ്കിലും പ്രത്യേക അപേക്ഷ സംബന്ധിച്ച വിവരങ്ങൾ നൽകാൻ സാധ്യമാവുകയുള്ളു എന്നു അറിയിച്ചിട്ടുണ്ടെന്നും 30/10/2020 തീയതി പകൽ 12 മണിക്ക് ടി ഓഫീസിൽ വന്ന് ആവശ്യപ്പെട്ട വിവരങ്ങൾക്കായി ഓഫീസിലെ മുഴുവൻ ബന്ധപ്പെട്ട രജിസ്റ്ററുകളും ഫയലുകളും പരിശോധിക്കാവുന്നതും വിവരങ്ങൾ ശേഖരിക്കാവുന്നതാണെന്നുമുള്ള മറുപടി നൽകിയിട്ടുണ്ടെന്നും 2, 3, 4 ചോദ്യത്തിന് മറുപടി നൽകിയിട്ടുണ്ടെന്നും 5-ാം ചോദ്യത്തിൽ മേൽ ബന്ധപ്പെട്ട ഫയലുകൾ കൈകാര്യം ചെയ്യുന്ന മുഴുവൻ ഉദ്യോഗസ്ഥരുടെയും പേര് വിവരങ്ങളും ഫോൺ നമ്പറും ഫയലുകൾ പരിശോധിക്കുവാനുള്ള അവസരവുമാണ് ഹർജിക്കാരൻ ആവശ്യപ്പെട്ടതെന്നും ആയതിന് മറുപടിയായി ഹർജിക്കാരന് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെയും ബിൽഡിംഗ് സെക്ഷൻ, ലൈസൻസ് സെക്ഷൻ എന്നിവ കൈകാര്യം ചെയ്യുന്ന ജീവനക്കാരുടെയും പേരുവിവരങ്ങൾ നൽകിയിട്ടുണ്ടെന്നുമാണ്. താത്ക്കാലിക വാണിജ്യ ഷെഡിന് ഗ്രാമപഞ്ചായത്തിൽ നിന്നും അനുമതി നൽകിയിട്ടില്ല എന്ന വിവരം ഒന്നാം എതിർകക്ഷി ഹർജിക്കാരന് വ്യക്തമായ മറുപടി നൽകിയിട്ടുണ്ടെന്നും കൂടാതെ ഓഫീസിൽ ലഭ്യമായ രജിസ്റ്ററുകൾ പരിശോധിക്കാൻ ഹർജിക്കാരന് അവസരം നൽകുകയും ഒന്നാം എതിർകക്ഷി ഹർജിക്കാരന് ഓഫീസിൽ ലഭ്യമായ വിവരങ്ങൾ നൽകുന്നതിൽ വീഴ്ച വരുത്തിയിട്ടില്ലെന്നും മറ്റുമാണ്.

3. രണ്ടാം എതിർകക്ഷി, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, അപ്പീൽ ഹർജിക്കാരനായ ശ്രീ. ഷൈജുകുമാർ കെ., 19/09/2020-ന് നരിക്കുനി ഗ്രാമപഞ്ചായത്ത് സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ മുമ്പാകെ സമർപ്പിച്ച വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷയിൽ 5 ഇനങ്ങളിലായുള്ള വിവരങ്ങളാണ് ആവശ്യപ്പെട്ടിരുന്നതെന്നും ആയതിന് ലഭിച്ച മറുപടി തൃപ്തികരമല്ലെന്ന് കാണിച്ചുകൊണ്ടുള്ള ഒന്നാം അപ്പീൽ അപേക്ഷ 13/11/2020-ന് ടി

ഓഫീസിൽ ലഭിക്കുകയും ആയത് പരിഗണിച്ച് ഒന്നാം എതിർകക്ഷിയോട് വിശദമായ റിപ്പോർട്ട് അയച്ചു തരുന്നതിന് നിർദ്ദേശിക്കുകയും ആയത് പ്രകാരം സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. അപ്പീൽ അപേക്ഷയിൻമേൽ നേരിൽ കേൾക്കുന്നതിന് അപേക്ഷിച്ചിരുന്നതിനാൽ കോവിഡ് സാഹചര്യം പരിഗണിച്ച് അപ്പീൽവാദിയെ ഫോൺ മുഖേന ബന്ധപ്പെട്ടെങ്കിലും ടിയാന് തിരക്കാണെന്ന് അറിയിച്ചതിനാൽ എന്തെങ്കിലും ബോധിപ്പിക്കാൻ ഉണ്ടെങ്കിൽ വാട്സ്അപ് വഴി അറിയിക്കാൻ നിർദ്ദേശം നൽകിയെങ്കിലും യാതൊന്നും ബോധിപ്പിക്കാത്തതിനാൽ ഹർജിയുമായി ബന്ധപ്പെട്ട രേഖകൾ, എതിർകക്ഷിയുടെ സ്റ്റേറ്റ്മെന്റ് എന്നിവ പരിഗണിച്ച് അപ്പീൽ തീർപ്പാക്കിയതെന്നും താത്ക്കാലിക വാണിജ്യാവശ്യത്തിനുള്ള ഷെഡിന് ഗ്രാമപഞ്ചായത്തിൽ നിന്നും അനുമതി നൽകിയിട്ടില്ല എന്ന വിവരം ഒന്നാം എതിർകക്ഷി ഹർജിക്കാരന് വ്യക്തമായ മറുപടി നൽകിയിട്ടുണ്ടെന്നും കൂടാതെ ഓഫീസിൽ ലഭ്യമായ രജിസ്റ്ററുകൾ പരിശോധിക്കാൻ ഹർജിക്കാരന് അവസരം നൽകുകയും ഒന്നാം എതിർകക്ഷി ഹർജിക്കാരന് ഓഫീസിൽ ലഭ്യമായ വിവരങ്ങൾ നൽകുന്നതിൽ വീഴ്ച വരുത്തിയിട്ടില്ലെന്നും മറ്റുമാണ്.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഒന്നാം എതിർകക്ഷി ഹർജിക്കാരന്റെ 19.9.2020-ലെ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങളല്ല ടിയാന് നൽകിയിട്ടുള്ളതായി കാണുന്നത്. ആയതിനാൽ ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾ ഒന്നാം എതിർകക്ഷി 12.5.2021-ന് മുൻപ് ഹർജിക്കാരന് ലഭ്യമാക്കേണ്ടതും നടപടി വിവരം കമ്മീഷനിൽ റിപ്പോർട്ട് ചെയ്യേണ്ടതുമാണ്. നടപടി റിപ്പോർട്ട് ലഭിക്കാത്തപക്ഷം ഇക്കാര്യം വീണ്ടും കമ്മീഷൻ പരിശോധിച്ച് ഒന്നാം എതിർകക്ഷിയ്ക്കെതിരെ ശിക്ഷാനടപടി സ്വീകരിക്കുന്നതാണ്.

5. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2021 മേയ് 4-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

ഒപ്പ്
ഡോ. വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്:

കമ്മീഷൻ സെക്രട്ടറി

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM

യു.എസ്